LIBRARY ARCHIVES Kerala Legislative Assembly

കക്കാട് പദ്ധതി കേന്ദ്രത്തിന്റെ കാവൽക്കാർക്ക് ശമ്പളം

52 (944) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കക്കാട് വൈദ്യുതി ഉൽപ്പാദന കേന്ദ്രത്തിന്റെ വിവിധ സ്ഥലങ്ങളിൽ എത്ര വിമുക്ത ഭടന്മാരെയാണ് കാവലിന് നിയോഗിച്ചിട്ടുള്ളത് ;

(ബി) ഇവർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശികയാണ് നൽകുവാനുള്ളത് ; ശമ്പള കുടിശ്ശിക നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കക്കാട് വൈദ്യുതി ഉൽപ്പാദന കേന്ദ്രത്തിന്റെ വിവിധ സ്ഥലങ്ങളിൽ 25 വിമുക്ത ഭടന്മാരെ കാവലിന് നിയോഗിച്ചിട്ടുണ്ട്.

(ബി) 5 മാസത്തെ ശമ്പള കുടിശ്ശികയാണ് നൽകുവാനുള്ളത്. ജനുവരി, ഫെബ്രുവരി മാസത്തെ ബില്ല് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. മാർച്ച് മാസത്തെ ബിൽ ആഡിറ്റിലാണ്. ഏപ്രിൽ, മേയ് മാസങ്ങളിലെ ബില്ലുകൾ തയ്യാറായിക്കൊണ്ടിരിക്കുന്നു.

വൈദ്യുതി ബോർഡിന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്ന കരാറുകാർക്ക് കരാർ തുക വർദ്ധിപ്പിച്ചുകൊടുത്ത നടപടി

53 (945) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്ന ഏതെല്ലാം കരാറുകാർക്ക് കരാർ തുക വർദ്ധിപ്പിച്ചുകൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കരാർ തുക വർദ്ധിപ്പിച്ചു കൊടുക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കരാർ തുക വർദ്ധിപ്പിച്ചു കൊടുത്തതിന്റെ ഫലമായി ബോർഡിന് ഓരോ കേസിലും വന്ന അധിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന്റെ കുറ്റ്യാടി ഓഗ്മെന്റേഷൻ പദ്ധതിയുടെ ബാക്കിയുള്ള പണികളുടെ നിർമ്മാണ പ്രവർത്തനം നടത്തുന്ന ശ്രീ. കുര്യൻ ഇ. കളത്തിൽ എന്ന കരാറുകാരന് കരാർ നിരക്ക് വർദ്ധിപ്പിച്ച് കൊടുത്തിട്ടുണ്ട്.

(ബി) 1981-ൽ തുടങ്ങിയ പദ്ധതി വിവിധ സാങ്കേതിക കാരണങ്ങളാൽ ഇതുവരെ പൂർത്തീകരിക്കാനായില്ല. 4-7-1997-ൽ ഈ കരാറുകാരനുമായുള്ള കരാർ റദ്ദുചെയ്തുവെങ്കിലും ബഹു.ഹൈക്കോടതി ഈ നടപടി റദ്ദുചെയ്യുകയും,

ബഹു. സുപ്രീംകോടതി ഹൈക്കോടതി വിധി ശരിവയ്ക്കുകയും ചെയ്തു. ഏതാണ്ട് ഇരുപത് വർഷങ്ങളായി നടന്നുവരുന്നതും, ഏകദേശം നൂറ്റി അറുപത് കോടി രൂപ ചെലവഴിച്ചതുമായ ഈ പദ്ധതിയിൽ നിന്ന് ഇതുവരെ പ്രയോജനമൊന്നും ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ബാക്കി പണികൾ കഴിവതും വേഗം ചെയ്ത് തീർത്ത് പദ്ധതി പൂർത്തീകരിക്കുന്നതിനുവേണ്ടിയാണ് നിലവിലുള്ള പൊതുമരാമത്ത്വകുപ്പ് നിരക്കുകൾക്കനുസൃതമായി കരാർ നിരക്ക് നിജപ്പെടുത്തിയത്.

(സി) പുതുക്കി നിജപ്പെടുത്തിയ നിരക്കിൽ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നതേയുള്ളൂ. ഇതുമൂലം ഉണ്ടാകാവുന്ന ബാദ്ധ്യത പണി പൂർത്തീകരിച്ചതിനുശേഷം മാത്രമേ തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മീറ്റർ റീഡർമാർ

54 (946) ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ കരാർ അടിസ്ഥാനത്തിൽ എത്ര മീറ്റർ റീഡർമാർ ജോലി ചെയ്യുന്നുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷമായി ഈ ഇനത്തിൽ ബോർഡിന് എന്തു തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 749 പേർ. ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

കാസർഗോഡ്	24
കണ്ണൂർ	58
വയനാട്	40
കോഴിക്കോട്	44
പാലക്കാട്	84
മലപ്പുറം	43
തിരുവനന്തപുരം	64
കൊല്ലം	10
പത്തനംതിട്ട	43
കോട്ടയം	90
ഇടുക്കി	46
എറണാകുളം	78
തൃശ്ശൂർ	98
ആലപ്പുഴ	10
മൊത്തം	749 പേർ

LIBRARY ARCHIVES Kerala Legislative Assembly